# യേശുക്രിസ്തുവിന്റെ പ്രഥമ വെളിപ്പെടുത്തൽ: സൃഷ്ടിപരമായ ശക്തി
# യോഹന്നാൻ 02:01–11

**ആമുഖം**

യേശു പ്രവർത്തിച്ച ആദ്യത്തെ അത്ഭുതകരമായ അടയാളമായണിത്. ദൈവത്തിന്റെ സൃഷ്ടിപരമായ ശക്തി വെളിപ്പെടുത്തുക എന്നതായിരുന്നു അവിടുന്നു ഭൂമിയിൽ അവതരിച്ചതിന്റെ അടിസ്ഥാന ലക്ഷ്യം. മനുഷ്യന്റെ ആവശ്യങ്ങൾ നേരിടുന്നതിന് മതിയായവ നിർമ്മിക്കുന്നതിനും സൃഷ്ടിക്കുന്നതിനുമുള്ള ശക്തി അവിടുത്തേക്കുണ്ടായിരുന്നു.

I. പശ്ചാത്തലം : ഗലീലിയിലെ കാനായിലെ ഒരു വിവാഹം (വാക്യങ്ങൾ 1–2)

II. യേശുവിന്റെ സൃഷ്ടിപരമായ കഴിവിന്റെ പ്രാധാന്യം (വാക്യങ്ങൾ 3–5)

III. യേശുവിന്റെ സൃഷ്ടിപരമായ കഴിവിന്റെ വെളിപ്പെടുത്തൽ (വാക്യങ്ങൾ 6–8)

IV. യേശുവിന്റെ സൃഷ്ടിപരമായ കഴിവിന്റെ ഫലങ്ങൾ (വാക്യങ്ങൾ 9–11)

## I. യോഹന്നാൻ 02:01–02 കാനായിലെ കല്യാണം

ഗലീലിയിലെ കാനായിൽ ഒരു കല്യാണമുണ്ടായിരുന്നു.

1. യേശു ഗലീലിയിൽ വന്നതിന്റെ മൂന്നാമത്തെ ദിവസം അല്ലെങ്കിൽ നഥാനയേലുമായുള്ള യേശുവിന്റെ കണ്ടുമുട്ടലിന്റെ രണ്ടാം ദിവസമായിരുന്നു പ്രസ്തുത കല്യാണം നടന്നത്.

2. യേശുവിന്റെ അമ്മ, മറിയം അവിടെ ഉണ്ടായിരുന്നു. ജോസഫിനേക്കുറിച്ച് ഇവിടെ ഒന്നും പറയുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അദ്ദേഹം ഇതിനോടകം മരിച്ചിട്ടുണ്ടാകാമെന്നാണ് മിക്ക ബൈബിൾ വ്യാഖ്യാതാക്കളുടെ നിരീക്ഷണം. അദ്ദേഹം മരിച്ചിട്ട് ഏറെക്കാലമായിട്ടുണ്ടാകാമെന്നും, അതുകൊണ്ട് കുടുംബകാര്യങ്ങൾ നോക്കി നടത്തുന്നതിനു വേണ്ടിയാണ് യേശു സ്വഭവനത്തിൽ കഴിഞ്ഞതെന്നും അഭിപ്രായപ്പെടുന്നവർ ഏറെയാണ്.

   ***വിചിന്തനം 1.*** യേശുവിന്റെ വലിയ സഹനങ്ങൾ ശ്രദ്ധിക്കുക. ഭൂമിയിൽ ഏതൊരു മനുഷ്യനും നേരിടേണ്ടി വരുന്ന ദുഃഖദുരിതങ്ങളൊക്കെ യേശുവിനും നേരിടേണ്ടിവന്നു:

   * പിതൃവിയോഗത്തിന്റെ ദുഃഖം
   * കുടുംബത്തിലെ ഒറ്റപുത്രൻ ആയിരുന്നതിന്റെ ബുദ്ധിമുട്ടുകൾ
   * അമ്മയേയും വീട്ടിലുള്ള ചാർച്ചക്കാരെയും പോറ്റുന്നതിനായി ചെറുപ്പത്തിൽ തന്നെ ജോലിക്കു പോകേണ്ടി വന്നതിന്റെ ക്ലേശം.

3. യേശുവും ശിഷ്യന്മാരും വിവാഹവിരുന്നിൽ പങ്കെടുത്തു. സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ആഘോഷവേളയാണ് വിവാഹം. ഒരു സമൂഹത്തിലെ പ്രധാനപ്പെട്ട ആഘോഷങ്ങളിലൊന്നാണിത്. യേശു വിവാഹത്തിൽ പങ്കെടുക്കുന്നതിൽനിന്ന് രണ്ടു കാര്യങ്ങൾ നമ്മുക്കു മനസ്സിലാക്കാൻ കഴിയുന്നു.

a. അവിടുന്ന് സമൂഹത്തോട് ചേർന്ന് ജീവിക്കാൻ ഇഷ്ടപ്പെടുന്ന വ്യക്തിയായിരുന്നു. അവിടുന്നു ജനങ്ങളെയും ജനങ്ങൾ അവിടുത്തേയും ഇഷ്ടപ്പെട്ടു. ജനങ്ങളോടൊത്തുള്ള സഹവാസം അവിടുന്ന് ഇഷ്ടപ്പെട്ടു. ജനകേന്ദ്രിതമായിരുന്നു അവിടുത്തെ ശുശ്രൂഷ. അവരോടുകൂടെ ആയിരിക്കാനും കഴിയുന്നവിധത്തിലൊക്കെ അവരെ സഹായിക്കാനും അവിടുന്ന് താല്പര്യപ്പെട്ടു. (മത്താ 11:19; ലൂക്കാ 7:34 എന്നിവ കാണുക).

***വിചിന്തനം 1.*** മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. സമൂഹത്തോട് ചേർന്ന് ജീവിക്കാൻ യേശു പഠിപ്പിക്കുന്നു. മറ്റുള്ളവരുമായി ഇടപഴകാൻ കഴിയാത്തവിധം ജീവിത വ്യാപാരങ്ങളിൽ വ്യഗ്രതപൂണ്ട് കഴിയാൻ ഇടവരരുത്. എന്നിരുന്നാലും, നമ്മുടെ ജീവിതം ഒരു സന്തുലനം പാലിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. സമൂഹത്തോടൊത്തായിരിക്കുന്നതു പോലെ തന്നെ പ്രധാന്യമുള്ളതാണ് ഏകാന്തതയിലായിരിക്കുക എന്നതും. പലരും ഇതു ശ്രദ്ധിക്കുന്നില്ല. പലരും ജോലി ഒന്നും ചെയ്യുന്നില്ല, ഒന്നും ഉല്പാദിപ്പിക്കുന്നില്ല. ഇങ്ങനെയുള്ളവൻ ദൈവകല്പിതമായ ഉത്തവാദിത്വങ്ങൾ നിർവഹിക്കാതെയും ലോകത്തിന് ഒന്നും സംഭാവന ചെയ്യാതെയും ജീവിതം പാഴാക്കുന്നു. വളരെയധികം പേർ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കാതെ സമൂഹത്തിൽ വ്യാപരിക്കുകയും ഉല്ലാസങ്ങളിലും വിനോദങ്ങളിലും ഏർപ്പെട്ട് സമയം ചെലവഴിക്കുകയും ചെയ്യുന്നു.

**അപ്പ 2:42** അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു.

**റോമാ 12:13** വിശുദ്ധരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവിൻ; അതിഥി സത്കാരത്തിൽ തത്പരരാകുവിൻ.

**1 കോറി 10:27** അവിശ്വാസിയായ ഒരുവൻ നിന്നെ ഭക്ഷണത്തിനു ക്ഷണിക്കുകയും പോകാൻ നീ ആഗ്രഹിക്കുകയും ചെയ്താൽ വിളമ്പിത്തരുന്നതെന്തും മനശ്ചാഞ്ചല്യം കൂടാതെ ഭക്ഷിച്ചുകൊള്ളുക.

**തീത്തോ 1:8** മറിച്ച്, അവൻ അതിഥിസത്കാരപ്രീയനും നന്മയോടു പ്രതിപത്തി ഉള്ളവനും വിവേകിയും നീതിനിഷ്ഠനും പുണ്യശീലനും ആത്മനിയന്ത്രണം പാലിക്കുന്നവനും ആയിരിക്കണം.

**1 പത്രോ 4:9** പിറുപിറുപ്പു കൂടാതെ നിങ്ങൾ ആതിഥ്യമര്യാദ പാലിക്കുവിൻ.

**സങ്കീ 119:63** അങ്ങയെ ഭയപ്പെടുകയും അങ്ങയുടെ പ്രമാണങ്ങൾ പാലിക്കുകയും ചെയ്യുന്നവർക്കു ഞാൻ കൂട്ടാളിയാണ്.

**ലൂക്കാ 14:12-14** തന്നെ ക്ഷണിച്ചവനോടും അവൻ പറഞ്ഞു: നീ ഒരു സദ്യയോ അത്താഴ വിരുന്നോ കൊടുക്കുമ്പോൾ നിന്റെ സ്നേഹിതരെയോ സഹോദരരെയോ ബന്ധുക്കളെയോ ധനികരായ അയൽക്കാരെയോ വിളിക്കരുത്. ഒരു പക്ഷേ, അവർ നിന്നെ പകരം ക്ഷണിക്കുകയും അതു നിനക്കു പ്രതിഫലമാവുകയും ചെയ്യും. എന്നാൽ, നീ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും; എന്തെന്നാൽ, പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും.

b. യേശു വിവാഹത്തെ വിലമതിച്ചിരുന്നു. വിവാഹത്തിന്റെ മഹത്വം അംഗീകരിക്കുന്നതിന്റെ സൂചനയായി യേശു, രണ്ടു കാര്യങ്ങൾ ചെയ്തു: ഒന്നാമത് വിവാഹവിരുന്നിൽ പങ്കെടുക്കുകയും രണ്ടാമത് വരന്റെ അടിയന്തര ആവശ്യം നിറവേറ്റിക്കൊടുക്കുകയും ചെയ്തു.

***വിചിന്തനം 1.*** യേശു വിവാഹം ആശീർവദിക്കുകയും അനുഗ്രഹിക്കുകയും ചെയ്തത് അവിടുന്ന് വിവാഹത്തിന് "ക്ഷണിക്കപ്പെട്ടിരുന്നതു"കൊണ്ടാണ്. യേശു ഒരു വിവാഹം ആശീർവദിച്ചനുഗ്രഹിക്കുന്നതിനു മുമ്പ്, അവിടുത്തെ ആ വിവാഹത്തിനു ക്ഷണിക്കേണ്ടതുണ്ട്.

**വെളി 3:20** ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും.

**യോഹ 1:12** തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവുനൽകി.

**റോമാ 10:13** എന്തെന്നാൽ, കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും.

## യോഹന്നാൻ 02:01 യഹൂദരുടെ വിവാഹാഘോഷം

യഹൂദരുടെ വിവാഹാഘോഷത്തിന് പ്രധാനപ്പെട്ട മൂന്നു ചടങ്ങുകളുണ്ട്.

1. കല്യാണസദ്യയും ആഘോഷപരിപാടികളും — ഇവ ഒരേ ദിവസം തന്നെ സന്ധ്യാവേളയിൽ നടത്തുന്നു.
2. നവദമ്പതികളുടെ ഭവനങ്ങളിലേക്ക്, നാട്ടുകാരുടെയും ബന്ധുമിത്രാദികളുടെയും അകമ്പടിയോടെ നടത്തുന്ന ഘോഷയാത്ര. സാധാരണയായി രാത്രി കാലങ്ങളിലാണു ഈ ഘോഷയാത്ര — ഒരു ഭവനത്തിൽ നിന്ന് മറ്റേ ഭവനത്തിലേക്കുള്ള ഏറ്റവും ദൂരം കൂടിയ വഴിയാണ് ഇതിന് തെരഞ്ഞെടുക്കുക. കത്തിച്ച വിളക്കുകൾ ഉപയോഗിക്കുന്നു. വിവാഹാഘോഷം കൂടുതൽ ആളുകൾക്ക് ഈ ശുഭകർമ്മത്തിന്റെ സന്തോഷത്തിൽ പങ്കുചേരുന്നതിനും ജനശ്രദ്ധ പിടിച്ചുപറ്റുന്നതിനും ആണ് ഇപ്രകാരം ചെയ്യുന്നതു.
3. അതിഥി സൽക്കാരം. ഒരാഴ്ച നീണ്ടുനിൽക്കുന്ന ചടങ്ങാണിത്. യഹൂദവിവാഹാഘോഷം വിപുലവും സുദീർഘവുമായ പരിപാടിയാണ്. സന്തോഷകരമായ ഈ ആഘോഷത്തിൽ നവദമ്പതികളോടൊപ്പം സമുദായാഗംങ്ങൾ ഒന്നടങ്കം പങ്കുചേരുന്നു. ആഘോഷദിവസങ്ങളിലുടനീളം നവദമ്പതികൾ വിവാഹവസ്ത്രമണിഞ്ഞുകൊണ്ട് തന്നെ അതിഥികളെ സ്വീകരിക്കുന്നു. സമുദായാംഗങ്ങളെല്ലാം നവദമ്പതികളോടൊപ്പം ഈ ആഘോഷങ്ങളിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. □

## യോഹന്നാൻ 02:01 കാനാ

അത്രയൊന്നും അറിയപ്പെടാത്ത വിദൂരസ്ഥമായ ഒരു ചെറിയ ഗ്രാമമാണ് കാനാ. ഗലീലിയുടെ മലമ്പ്രദേശത്താണ് ഈ ഗ്രാമത്തിന്റെ സ്ഥാനം. നസ്രത്തിന് സമീപത്തായിരുന്നു കാനാ. നസ്രത്തിൽ നിന്ന് നോക്കിയാൽ കാനാ കാണാൻ കഴിയുമെന്ന് സഭാ പിതാവായ

ജെറോം പറയുന്നു. ഈ ഗ്രാമത്തേക്കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. അത്ഭുതകരമായ രണ്ട് അടയാളങ്ങൾ കാനായിൽ നടന്നിട്ടുണ്ട്. ദൈവത്തിന്റെ സൃഷ്ടിപരമായ ശക്തിയാൽ വെള്ളം വീഞ്ഞാക്കപ്പെട്ടതും, രാജസേവകന്റെ മകനെ സൗഖ്യപ്പെടുത്തിയതും (യോഹ 2:1–11; 4:46–54). കാനായേക്കുറിച്ച് വിശുദ്ധ ലിഖിതങ്ങളിൽ മറ്റൊരിടത്തുകൂടിയേ പരാമർശമുള്ളൂ. യോഹന്നാൻ 21:2-ൽ. അങ്ങനെ, ആകെ മൂന്നു തവണ യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് കാനായേക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളത്. □

## II. യോഹന്നാൻ 02:03–05 മറിയത്തിന്റെ സാമൂഹ്യ പ്രതിബദ്ധത

കാനായിലെ കല്യാണത്തിൽ മറിയത്തിന് ഒരു പ്രധാന പങ്കുവഹിക്കാനുണ്ടായിരുന്നു എന്ന കാര്യം വ്യക്തമാണ്. വിരുന്നിന്റെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന ഒരു കലവറക്കാരനുണ്ടായിരുന്നു. (വാക്യം 9). എന്നാൽ മറിയം സവിശേഷമായ രീതിയിൽ എല്ലാ കാര്യങ്ങളിലും ഇടപെടുകയും സഹായിക്കുകയും ചെയ്തിരുന്നെന്നു വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ മൂന്നുകാര്യങ്ങളുണ്ട്.

1. മറിയത്തിന്റെ സാമൂഹ്യപ്രതിബദ്ധത, വിവാഹവീട്ടിൽ ഉയർന്നുവന്ന ആവശ്യം അങ്ങേഅറ്റം ഗൗരവമുള്ളതാണ്. വിവാഹാഘോഷങ്ങൾ തുടങ്ങിയതേയുള്ളു, വീഞ്ഞാകട്ടെ തീരുകയും ചെയ്തു. ഒരാഴ്ചത്തെ ആഘോഷങ്ങൾ ഇനിയും അവശേഷിക്കുകയാണ്. ഈ ദിവസങ്ങളിൽ വിരുന്നു നടത്തുകയും അതിഥികൾക്ക് വീഞ്ഞും മറ്റു പലഹാരങ്ങളും നല്കി സല്കരിക്കേണ്ടതും ഉണ്ട്. മദ്ധ്യപൗരസ്ത്യദേശത്ത് വീഞ്ഞിന്റെ പ്രാധാന്യം മനസിലാക്കേണ്ടതുണ്ട്. ശുദ്ധജലം ദുർലഭമായിരുന്നു. അതുകൊണ്ട് വളരെ അത്യാവശ്യകാര്യങ്ങൾക്കു മാത്രം വെള്ളം ഉപയോഗിച്ചിരുന്നുള്ളൂ. ഇതിന് പകരമായി കുടിക്കാൻ കൊടുത്തിരുന്നത് വീഞ്ഞാണ്. അതുകൊണ്ട് അടിയന്തര പ്രാധാന്യമുള്ള ഒരാവശ്യമാണ് നേരിടേണ്ടിവന്നിരിക്കുന്നത്. ബന്ധപ്പെട്ട എല്ലാവരേയും ദോഷകരമായി ബാധിക്കുന്ന ഒരു പ്രതിസന്ധിയാണ് ഉണ്ടായിരിക്കുന്നത്.

=> അതിഥികളുടെ സന്തോഷം അസ്തമിക്കും.

=> വധൂവരന്മാർ അപമാനിതരും പരിഹാസപാത്രങ്ങളുമാകും.

=> ആതിഥേയരിൽ ഒരാൾ ആയിരുന്നിരിക്കാനിടയുള്ള മറിയത്തിനും ഇതു നാണക്കേടിന് കാരണമാകും. അതുകൊണ്ട് ഇക്കാര്യത്തിൽ മറിയത്തിന് ഉത്കണ്ഠയുണ്ടാകുക എന്നത് സ്വാഭാവികമാണ്. എന്നാൽ, ഇതിൽ സാമൂഹ്യ പ്രതിബദ്ധതയുടെ ഒരു വശം കൂടിയുണ്ടെന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. താനുൾപ്പെടുന്ന സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മറിയം ഉത്സുകയായിരുന്നു ഇത്തരമൊരു പ്രതിസന്ധിയിൽ ഏതൊരമ്മയും ചെയ്യുന്നത് തന്നെ മറിയവും ചെയ്തു. തന്റെ മകന്റെ മുമ്പിൽ അവർ പ്രശ്നമവതരിപ്പിച്ചു: “അവരുടെ വീഞ്ഞ് തീർന്നുപോയി.”

2. ആത്മീയമായി മനുഷ്യനെ വീണ്ടെടുക്കുക എന്ന അടിയന്തര ആവശ്യത്തേക്കുറിച്ചുള്ള യേശുവിന്റെ തീവ്രമായ അഭിനിവേശം. താനാരാണെന്ന സത്യത്തോടൊപ്പം തന്റെ അമ്മയെയും ലോകത്തിന് പരിചയപ്പെടുത്താനുള്ള സുവർണ്ണാവസരമായി ഈ സാഹചര്യത്തെ യേശു കണ്ടു. ഒരു പ്രത്യേക സമയത്തിനായി (കുരിശിലെ ബലി) ലോകത്തിലേക്കു വന്ന ദൈവപുത്രനാണ് താൻ. യേശുവിന്റെ യഥാർത്ഥത്തിലുള്ള ദൗത്യമോ, അവിടുത്തെ

മിശിഹാത്വത്തേക്കുറിച്ചോ, മറിയത്തിനോ മറ്റാർക്കെങ്കിലുമോ അതുവരെ അറിയുമായിരുന്നില്ല. (മർക്കോസ് 3:31–32 കാണുക) അതുകൊണ്ട് തന്റെ പരസ്യജീവിതത്തിന്റെ (ശുശ്രൂഷയുടെ) തുടക്കത്തിൽതന്നെ തന്റെ ദൗത്യത്തേക്കുറിച്ച്, തനിക്കു ഏറ്റവും പ്രിയപ്പെട്ട അമ്മയെയും മറ്റുള്ളവരെയും പഠിപ്പിക്കാൻ തുടങ്ങി. തന്റെ മണിക്കൂറിൽ (സമയത്ത്) അനുഭവിക്കേണ്ടി വരുന്ന കഠോരമായ സഹനത്തെ നേരിടാൻ തന്റെ അമ്മയെയും മറ്റുള്ളവരെയും നന്നായി ഒരുക്കാൻ സാധ്യമായതെല്ലാം ചെയ്യാൻ അവിടുന്ന് ആഗ്രഹിച്ചു. അവിടുന്ന് ദൈവത്തിൽ നിന്നു വന്ന ദൈവത്തിന്റെ പുത്രനായിരുന്നു. ദൈവത്തോടും അവിടുത്തെ ആത്മാവി നോടും മാത്രം ബന്ധപ്പെട്ടതായിരുന്നു യേശുവിന്റെ ദൗത്യം, അല്ലാതെ മറിയത്തോടും അവളുടെ സാമൂഹ്യ, ഭൗതിക ആവശ്യങ്ങളോടും ബന്ധപ്പെട്ടതായിരുന്നില്ല. താൻ ദൈവവും ദൈവാത്മാവുമായും മാത്രം ബന്ധപ്പെട്ടവനാണെന്ന് മറിയം അറിയുകയും കാണുകയും ചെയ്യണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. തന്റെ സമയം വന്നുകഴിയുമ്പോൾ എല്ലാം മനസിലാക്കുവാൻ അതു മറിയത്തെ സഹായിക്കും. അതുകൊണ്ട് “എന്റെ സമയം” എന്ന വാക്കുകൾ തന്റെ പ്രിയപ്പെട്ടവരെ പരിചയപ്പെടുത്താൻ അവിടുന്ന് എപ്പോഴും ശ്രദ്ധി ച്ചിരുന്നു. ‘അവന്റെ മണിക്കൂർ’ (സമയം) അവിടുത്തെ മരണത്തിന്റെ ശാശ്വതമായ ഒരു പ്രതീകമായിത്തീരണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. ഇവിടെ യേശു വ്യക്തമാക്കുന്ന കാര്യം, ‘തന്റെ മണിക്കൂർ’ (സമയം) ഇനിയും ആയിട്ടില്ല എന്ന കാര്യമാണ്....

* മനുഷ്യവംശത്തിന്റെ ആവശ്യങ്ങൾ സഫലമാക്കുന്നതിനുള്ള സമയം
* മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടി  താൻ മരിക്കേണ്ട സമയം

***വിചിന്തനം 1.*** യേശു എല്ലായപ്പോഴും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് ഭൂമിയിലേക്കുള്ള തന്റെ വരവിന്റെ ഉദ്ദേശ്യത്തിലായിരുന്നു: ‘തന്റെ മണിക്കൂറി’(സമയം)നെ അഭിമുഖീകരിക്കുക, മനുഷ്യന്റെ വിമോചനത്തിനായി ബലിയായിത്തീരുക.

**യോഹ 12:23-24, 27, 32-33** യേശു പറഞ്ഞു: മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമാ യിരിക്കുന്നു. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും. ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ! അല്ല, ഇതിനു വേണ്ടി യാണല്ലോ ഈ മണിക്കൂറിലേക്കു ഞാൻ വന്നത്. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇതു പറഞ്ഞത്, താൻ ഏതു വിധത്തിലുള്ള മരണമാണു വരിക്കാൻ പോകുന്നത് എന്നു സൂചിപ്പിക്കാനാണ്.

**യോഹ 13:1** ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായു ള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു.

***വിചിന്തനം 2.*** മനുഷ്യരുടെ സാമൂഹ്യപ്രതിബദ്ധതയുടെ പ്രതിഫലനമാണ് മറിയത്തിന്റെ പ്രവൃത്തിയിൽ ദൃശ്യമാകുന്നത്. മനുഷ്യന് ഒട്ടുവളരെ ആവശ്യങ്ങളുണ്ട്. ആരോഗ്യം, പാർപ്പിടം, സുരക്ഷ, സമാധാനം, സമൃദ്ധി, നീതി ഇങ്ങനെയുള്ള ആവശ്യങ്ങളേക്കുറിച്ച് സാമൂഹ്യപ്രവർത്തകരും സാമൂഹ്യ സംഘടനകളുമൊക്കെ താല്പര്യം പുലർത്തുന്നു. വിവാ ഹവീട്ടിൽ ക്രിസ്തു ചെയ്ത പ്രവൃത്തിയിലൂടെ രണ്ടു കാര്യങ്ങളാണ് നിർവഹിക്കപ്പെട്ടത്.

1) ക്രിസ്തു സാമൂഹികമായ ഒരാവശ്യം നിറവേറ്റുകയും പ്രതിസന്ധി മറികടക്കാൻ സഹായിക്കുകയും ചെയ്തു.

2) എന്നാൽ, ക്രിസ്തു അവിടംകൊണ്ട് അവസാനിപ്പിച്ചില്ല. സമൂഹത്തിന്റെ ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റിയതുകൊണ്ടു മാത്രമായില്ല. നേരേമറിച്ച്, അവന്റെ ആന്തരിക ആവശ്യങ്ങളായ ജീവൻ, സ്നേഹം, സുരക്ഷിതത്വം, സന്തോഷം, സംതൃപ്തി, ജീവിത സാഫല്യം എന്നിവയെ എല്ലാം അവിടുന്ന് തൃപ്തിപ്പെടുത്തി.

**യോഹ 10:10** മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണു കള്ളൻ വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്.

**യോഹ 15:11** ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ്.

3. തന്റെ മകനിലുള്ള മേരിയുടെ പൂർണമായ വിശ്വാസം. വീഞ്ഞില്ലെന്ന് മനസിലായത് രാത്രി സമയത്തായിരുന്നു. അതുകൊണ്ട് വീഞ്ഞ് വാങ്ങാൻ കഴിയുമായിരുന്നില്ല. യേശുവിനോട് ഒരത്ഭുതം പ്രവർത്തിക്കാൻ ആ അവസരത്തിൽ പറയുക എന്നത് ചിന്തക്കപ്പുറമായതാണു. നമുക്കറിയാൻ കഴിഞ്ഞിടത്തോളം, അതുവരെയും യേശു ഒരത്ഭുതവും പ്രവർത്തിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് പ്രശ്നം യേശുവിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും സഹായം തേടുകയും മാത്രമാണ് മറിയം ചെയ്തത്. ഏതെങ്കിലും ഒരു വ്യാപാരിയുടെ കച്ചവട സ്ഥാപനം തുറപ്പിച്ച് വീഞ്ഞു വാങ്ങുയോ, ഒരയല്കാരനിൽനിന്ന് വീഞ്ഞ് ചോദിക്കുകയോ ഒക്കെ ചെയ്യാൻ ശ്രമിക്കുക എന്നതിനപ്പുറമൊന്നും മേരി പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. ഇങ്ങനെ എന്തെങ്കിലും സഹായം തന്റെ മകൻ ചെയ്യുമെന്ന് മറിയത്തിന് പൂർണ വിശ്വാസമുണ്ടായിരുന്നു. എന്നാൽ ഇതൊന്നുമല്ല സംഭവിച്ചത്. മനുഷ്യന്റെ വീണ്ടെടുപ്പിനാവശ്യമായ തന്റെ സൃഷ്ടിപരമായ ശക്തി പ്രകടിപ്പിക്കുന്നതിനുള്ള ഒരു നല്ല അവസരമായി ഇതിനെ കാണുക എന്നതായിരുന്നു യേശുവിന്റെ സമീപനം.

**യോഹ 4:34** യേശു പറഞ്ഞു: എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം.

**യോഹ 9:4** എന്നെ അയച്ചവന്റെ പ്രവർത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലി ചെയ്യാൻ കഴിയാത്ത രാത്രി വരുന്നു.

**റോമാ 13:11** ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞു കൊണ്ടുവേണം. നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനെക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു.

**റോമാ 13:12** രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ, നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം.

**എഫേ 5:16** ഇപ്പോൾ തിന്മയുടെ ദിനങ്ങളാണ്. നിങ്ങളുടെ സമയം പൂർണമായും പ്രയോജനപ്പെടുത്തുവിൻ.

**കൊളോ 4:5** പുറമേയുള്ളവരോടു നിങ്ങൾ വിവേകപൂർവം വർത്തിക്കുവിൻ. സമയം പൂർണമായും പ്രയോജനപ്പെടുത്തുക.

## III. യോഹന്നാൻ 02:06–08 യേശുക്രിസ്തുവിന്റെ സൃഷ്ടിപരമായ ശക്തി

യേശുവിന്റെ സൃഷ്ടിപരമായ ശക്തിയുടെ വെളിപ്പെടുത്തൽ. മൂന്നുകാര്യങ്ങൾ ഇവിടെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

1. വിവാഹ വീട്ടിലുണ്ടായിരുന്ന ആറു കൽഭരണികൾ. കുടിവെള്ളം ശേഖരിക്കുന്നതിനും യഹൂദരുടെ ശുദ്ധീകരണകർമ്മത്തിന് വെള്ളം നിറയ്ക്കുന്നതിനും ഉപയോഗിച്ചിരുന്നവയാണ്. അതായത് ആചാരപരമായ കാര്യങ്ങൾക്കും മതപരമായ ശുദ്ധീകരണത്തിനും. വെള്ളത്തിന്റെ ഭരണികൾ കാണുമ്പോൾ അവ ദാഹം ശമിപ്പിക്കുന്നതിനും മതപരമായ ശുദ്ധീകരണ കർമ്മത്തിനും ഉള്ളവയാണെന്ന് യഹൂദന്മാർക്കറിയാമായിരുന്നു. അപ്രകാരം ആ പാത്രങ്ങൾ യേശു തന്റെ സൃഷ്ടിപരമായ ശക്തി പ്രകടിപ്പിക്കുന്നതിന് ഉപയോഗിച്ചു.

   * മനുഷ്യരുടെ ശുദ്ധീകരണത്തിനും അവരെ തൃപ്ത്തരാക്കുന്നതിനും.
   * മനുഷ്യരെ ശുദ്ധീകരിക്കുന്നതിനും തൃപ്ത്തരാക്കുന്നതിനും ആവശ്യമായവ സൃഷ്ടിക്കുന്നതിനും.

   **വെളി 1:5** വിശ്വസ്ത സാക്ഷിയും മൃതരിൽനിന്നുള്ള ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരുടെ അധിപതിയുമായ യേശുക്രിസ്തുവിൽ നിന്നും, നിങ്ങൾക്കു കൃപയും സമാധാനവും.

   **തീത്തോ 3:5** അതു നമ്മുടെ നീതിയുടെ പ്രവൃത്തികൾകൊണ്ടല്ല; പിന്നെയോ, അവിടുത്തെ കാരുണ്യംമൂലം പരിശുദ്ധാത്മാവിൽ അവിടുന്നു നിർവഹിച്ച പുനരുജ്ജീവനത്തിന്റെയും നവീകരണത്തിന്റെയും സ്നാനത്താലത്രേ.

   **യാക്കോ 4:8** ദൈവത്തോടു ചേർന്നു നിൽക്കുവിൻ; അവിടുന്നു നിങ്ങളോടും ചേർന്നു നിൽക്കും. പാപികളേ, നിങ്ങൾ കരങ്ങൾ ശുചിയാക്കുവിൻ. സന്ദിഗ്ധമനസ്കരേ, നിങ്ങളുടെ ഹൃദയങ്ങൾ ശുചിയാക്കുവിൻ.

   **1 കോറി 6:9** അനീതി പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നില്ലേ? നിങ്ങൾ വഞ്ചിതരാകരുത്. അസൻമാർഗികളും വിഗ്രഹാരാധകരും വ്യഭിചാരികളും സ്വവർഗഭോഗികളും ദൈവരാജ്യം അവകാശമാക്കുകയില്ല.

   **1 കോറി 6:10** കള്ളൻമാരും അത്യാഗ്രഹികളും മദ്യപന്മാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല.

   **1 കോറി 6:11** നിങ്ങളിൽ ചിലർ ഇത്തരക്കാരായിരുന്നു. എന്നാൽ, നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും സ്നാനപ്പെടുകയും പവിത്രീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തു.

2. ആതിഥേയന്റെ സാമൂഹികമായ ആവശ്യം നിറവേറ്റുക എന്നതിനേക്കാൾ കൂടുതൽ വലിയ താല്പര്യം ഇക്കാര്യത്തിൽ യേശുവിനുണ്ടായിരുന്നു. മനുഷ്യന്റെ ആത്മീയ വിശുദ്ധീകരണത്തിനും ഉൾത്തടം ശുദ്ധീകരിക്കുവാനുമാണ് യേശു വന്നത്. 'തന്റെ മണിക്കൂറി'ലൂടെ (കുരിശിലൂടെ) അവിടുത്തേക്ക് അത് നിർവഹിക്കേണ്ടിയിരുന്നു. അതുകൊണ്ട് ആ അവസരത്തെ തന്റെ സൃഷ്ടിപരമായ ശക്തി പ്രകടിപ്പിക്കുന്നതിന് അവിടുന്ന് ഉപയോഗപ്പെടുത്തി. നവീകരിക്കപ്പെട്ട മനുഷ്യനെ സൃഷ്ടിക്കാനുള്ള അവിടുത്തെ കഴിവ് അവിടുന്ന് പ്രകടിപ്പിച്ചു. (*വീണ്ടും ജനനം,* യോന്നാൻ 3:1–15 കാണുക).

***വിചിന്തനം 1*** നാം ഒന്നുകിൽ യോശു രക്ഷകനാണെന്നു വിശ്വസിക്കുന്നു, അല്ലെങ്കിൽ അവിശ്വസിക്കുന്നു. അവിടുന്നിനു പുനസൃഷ്ടിക്കുവാനുള്ള ശക്തിയുണ്ടെന്നു വിശ്വസിക്കുന്നു, അല്ലെങ്കിൽ അവിശ്വസിക്കുന്നു; അപ്രകാരമൊരു ശക്തി ഇവിടെ പ്രകടമാക്കിയെന്നു വിശ്വസിക്കുന്നു, അല്ലെങ്കിൽ അവിശ്വസിക്കുന്നു.

**യോഹ 20:31** എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത്, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്.

3. മറ്റൊരു പ്രധാനപ്പെട്ട കാര്യം ശ്രദ്ധിക്കുക: വേണ്ട ഒരുക്കങ്ങൾ നടത്താൻ നിർദ്ദേശിക്കുക മാത്രമാണ് യേശു ചെയ്തത്. അവിടുത്തെ അനുസരിക്കുവാൻ ജോലിക്കാർ തയ്യാറായപ്പോൾ എല്ലാവർക്കും അവിടുത്തെ സൃഷ്ടിപരമായ ശക്തി അനുഭവിക്കാൻ കഴിഞ്ഞു. എല്ലാവരും തികച്ചും തൃപ്തരാകുകയും ചെയ്തു.

***വിചിന്തനം 1*** ആത്മീയമായി സൃഷ്ടിക്കപ്പെടുവാനും (രൂപികരിക്കപ്പെടുവാനും) ശുദ്ധീകരിക്കപ്പെടുവാനും നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കണം.

**മത്താ 7:21** കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക.

**യോഹ 5:24** സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.

**യോഹ 14:21** എന്റെ കൽപനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും.

**1 പത്രോ 1:21** അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത ദൈവത്തിൽ, അവൻ മൂലം നിങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ ആയിരിക്കുകയും ചെയ്യുന്നു.

**1 യോഹ 2:17** ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു. ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനിൽക്കുന്നു.

**മത്താ 7:24-25** എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും. മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാറ്റൂതി, അതു ഭവനത്തിന്മേൽ ആഞ്ഞടിച്ചു. എങ്കിലും അതു വീണില്ല. എന്തുകൊണ്ടെന്നാൽ, അതു പാറമേൽ സ്ഥാപിതമായിരുന്നു.

## യോഹന്നാൻ 03: 01–15
## പുതിയ ജനനം, വീണ്ടും ജനനം, പുതിയ സൃഷ്ടി, നവജീവൻ

ഒരു ആത്മീയ ജനനം, ആത്മാവിന്റെ പുനർജനനം, ഒരു പുതിയ ജീവൻ, നവീകരിക്കപ്പെട്ട ആത്മാവ്. ഒരുവന്റെ പെരുമാറ്റം, ആത്മാവ് എന്നിവയുടെ പുനർജനനവും നവീകരണവുമാണ് ഇവിടെ വിക്ഷിക്കുക. (2 കോറി. 5:17). നവീകൃതമായ ഒരു ജീവിതത്തിനും ദൈവീക സ്വഭാവം കൈവരിക്കുന്നതിനുള്ള പ്രചോദനം സ്വീകരിക്കുകയും ഒരുങ്ങുകയും ചെയ്യുക എന്നതാണു (പത്രോസ് 1:4). പുതിയ ജനനം എന്നു പറയുന്നത് ഒരു വ്യക്തിയുടെ വീണ്ടും ജനനം എന്നു വിളിക്കത്തക്കവിധം മൗലികമായ മാറ്റങ്ങൾക്ക് അയാളെ വിധേയനാക്കുന്നതാണ് അയാളുടെ പുതിയ ജനനം. ഇവിടെ, പുതിയ ജനനത്തിലെന്നപോലെ, അത്ഭുതകരമായതെന്തോ ആത്മാവിന് സംഭവിക്കുന്നു. ഇത് ഒരു ആത്മീയ മനുഷ്യന്റെ ശേഷികൾക്ക് അതീതമാണത്. മൗലികവും ജീവിതത്തെ സമൂലമായി മാറ്റിമറിക്കുന്നതും വിസ്മയകരവുമായ ഇക്കാര്യം ദൈവത്തിന്റെ സ്നേഹത്താലും അവിടുത്തെ ശക്തിയാലും മാത്രം നിർവഹിക്കപ്പെടാവുന്നതുമാണ്.

പുതിയ ജനത്തെക്കുറിച്ചുള്ള പുതിയ നിയമപഠനം സമ്പന്നവും പരിപൂർണവുമാണ്.

1. പുതിയ ജനനം അത്യന്താപേക്ഷിതമാണ്. വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണാനോ (യോഹ 3:3) ദൈവരാജ്യത്തിൽ പ്രവേശിക്കാനോ (യോഹ 3:5) കഴിയുകയില്ല. (യോഹ 3:7)

2. പുതിയ (വീണ്ടം) ജനനം എന്നത് ആത്മീയമായ ജനനമാണ്. ജീവിതത്തിൽ പുതിയ ഒരു ശക്തിയുടെയും അരൂപിയുടെയും സാന്നിധ്യം ഉണ്ടാകുന്നു. ഇത് പഴയ സ്വഭാവത്തിന്റെ കേവലമായ പരിഷ്കരണമല്ല. ( റോമ 6:6). പ്രത്യുത, ആത്മികമായും ആന്തരികമായും സംഭവിക്കേണ്ട ഒരു വീണ്ടും ജനനമാണത് (യോഹ 3:5; യോഹ 1:12–13; 2 കോറി 5:17, എഫേ 2:10; 4:24). ഒരു വ്യക്തി ആത്മീയമായ വീണ്ടം ജനിക്കുകയാണിവിടെ:

a. ജലത്താലും ആത്മാവിനാലും (യോഹ. 3:5)

b. ദൈവഹിതപ്രകാരം

c. അനശ്വരമായ ബീജത്തിൽ നിന്ന് — ദൈവവചനത്തിൽ നിന്ന്

d. പിതാവായ ദൈവത്തിൽ നിന്ന്, 'വീണ്ടും ജനനം' എന്നതിന് 'ഉന്നതത്തിൽ നിന്ന്' എന്നും അർത്ഥമുണ്ട്.

e. വീണ്ടും ജനനം നല്കാൻ കഴിവും ശക്തിയുമുള്ള യേശുവിനാൽ (യോഹ 1:12–13)

3. വീണ്ടും ജനനം എന്നത് സുനശ്ചിതവും യഥാർത്ഥവുമായ ഒരനുഭവമാണ്. ഒരുവൻ വീണ്ടും ജനനത്തിന്റെ അനുഭവം മൂന്നു തരത്തിൽ സ്വന്തമാക്കുന്നു:

a. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന വിശ്വാസത്താൽ (1 യോഹ 5:1; യോഹ 3:14–15)

b. പൂർവ്വികരായ വിശ്വാസികളാൽ നല്കപ്പെട്ടിരിക്കുന്ന സുവിശേഷത്താൽ (1 കോറി 4:15)

c. ദൈവവചനത്താൽ (1 പത്രോ 1:23) അല്ലെങ്കിൽ സത്യത്തിന്റെ വചനത്താൽ (യാക്കോ 1:18)

4. പുതിയ ജനനം അല്ലെങ്കിൽ വീണ്ടും ജനനം എന്നത് തികച്ചും പുതിയ ജീവിതത്തെ അല്ലെങ്കിൽ അടിസ്ഥാനപരമായി മാറ്റത്തിന് വിധേയമായ ഒരു ജീവിതത്തെ സൂചിപ്പിക്കുന്നു എന്ന് വിവിധ രീതികളിൽ ഒരാൾ തെളിയിക്കുന്നു:

a. നീതിപൂർവ്വകമായ പ്രവൃത്തികൾ ചെയ്തുകൊണ്ട് (1 യോഹ. 2:29, എഫേ 2:10, 4:24).

b. പാപം വർജിച്ചുകൊണ്ട് (1 യോഹ. 3:9ച 5:18)

c. വിശ്വാസികളായ സഹോദരങ്ങളെ സ്നേഹിച്ചുകൊണ്ട് (1 യോഹ. 4:7)

d. ലോകത്തെ കീഴടക്കിക്കൊണ്ട് (1 യോഹ 5:4)

e. പാപത്തിൽനിന്ന് സംരക്ഷിതനായിക്കൊണ്ട് ( 1 യോഹ. 5:18)

f. ദൈവീക സ്വഭാവം ആർജിച്ചുകൊണ്ട് (1 യോഹ 3:9; 1 പത്രോ 1:23; 2പത്രോ 1:4; കൊളോ 1:27) ☐

## എഫേസോസ് 04:24 പുതിയ മനുഷ്യൻ

*യഥാർഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ.* ***എഫേസോസ് 04:24***

വീണ്ടെടുക്കപ്പെട്ട, നവീകരിക്കപ്പെട്ട, അല്ലെങ്കിൽ വീണ്ടും ജനിച്ച ഒരുവൻ ആത്മീയ മനുഷ്യനാണ്. അവൻ സൃഷ്ടിക്കപ്പെട്ട പുതിയ വ്യക്തിയാണ്. അവൻ വിശുദ്ധമായ സ്വാഭാവത്തോടുകൂടിയവനും പാപരഹിതനുമായ ജീവിതത്തിന്റെ ഉടമയുമായിരിക്കും. പാപപ്രകൃതിയോടുകൂടിയവനും പാപരഹിതവുമായ ജീവിതത്തിന്റെ ഉടമയുമായിരിക്കും. പാപപ്രകൃതിയോടുകൂടിയ പഴയമനുഷ്യനെപ്പോലെയായിരിക്കില്ല അവൻ. അവന് ചില സവിശേഷതകളുണ്ടായിരിക്കും.

* ദൈവവുമായി കൂട്ടായ്മ ഉണ്ടായിരിക്കും.
* ദൈവഹിതത്തോട് അനുസരണം പുലർത്തും.
* ദൈവശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കും.

ഇംഗ്ലീഷിലെ 'ന്യൂ' എന്ന പദത്തിന് സമാനമായ അർത്ഥം വരുന്ന ഗ്രീക്ക് പദങ്ങളാണ് 'നിയോസ്' *(neos)* 'കെയ്നോസ' *(kainos)* എന്നിവ പുതുതായി സൃഷ്ടിക്കപ്പെട്ട ഒരു വസ്തുവിനെ സൂചിപ്പിക്കാനാണ് 'നിയോസ്' എന്ന് വാക്കുപയോഗിക്കുന്നത്. എന്നാൽ അതേ വസ്തുവിന്റെ തനിപകർപ്പുകളായവ ധാരാളം വേറെയുമുണ്ടായിരിക്കും. എന്നാൽ 'കെയ്നോസ്' സൂചിപ്പിക്കുന്നതും പുതുതായി സൃഷ്ടിക്കപ്പെട്ട ഒന്നിനെയാണെങ്കിലും അതുപോലെ മറ്റൊന്നില്ല എന്നതാണ് പ്രത്യേകത. പുതിയ സൃഷ്ടിയെ സൂചിപ്പിക്കാൻ 'കെയ്നോസ്' എന്ന് പദമാണ് ഉപയോഗിച്ചിരിക്കുന്നത്. യേശുക്രിസ്തു ഒരു മനുഷ്യനെ പൂർണ്ണമായും നവീകരിക്കുന്നു. അത് നിലവിലുള്ള മറ്റൊരു സൃഷ്ടിയേയും പോലെ ആയിരിക്കില്ല. വിജാതീയനായ ഒരുവൻ വിശ്വാസിയായ ഒരു യഹൂദനാക്കപ്പെടുകയോ,

ഒരു യഹൂദൻ വിജാതീയനാക്കപ്പെടുകയോ ചെയ്യുന്നില്ല. യേശുക്രിസ്തുവിലൂടെ ഓരോരുത്തരും തികച്ചും പുതിയ ഒരു വ്യക്തി ആകുകയാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവർ ദൈവത്തിൽ പുതിയ ഒരു സ്വത്വം ആർജിക്കുകയാണ്. നവീകൃതമായ ഒരു ജീവിതത്തിന് തുടക്കം കുറിക്കാൻ എല്ലാവർക്കും കഴിയും, തികച്ചും ഒരു പുതിയ ജീവിതം. അതിന് യേശുവിലേക്ക് തിരിയണമെന്നു മാത്രം.

ഇതെങ്ങനെ സാധ്യമാകും? ഉത്തരം ലളിതമാണ് — ദൈവത്തിന്റെ ശക്തിയാൽ. ദൈവപുത്രനായ യേശുക്രിസ്തുവിൽ ഒരാൾ വിശ്വസിക്കുമ്പോൾ തന്റെ ജീവിതം അവിടുത്തെ കരങ്ങളിൽ ഭരമേൽപിക്കുകയാണു ചെയ്യുന്നത്. അപ്പോൾ ദൈവം ആ വ്യക്തിയുടെ ആത്മാവിനെ നീതിയിലും യഥാർത്ഥ വിശുദ്ധിയിലും സ്ഥിരീകരിക്കുന്നു. ദൈവം അയാളുടെ വിശ്വാസത്തെ കൈക്കൊള്ളുകയും ക്രിസ്തുവിന്റെ നീതിയായി (പുണ്യമായി) കണക്കാക്കുകയും ചെയ്യും. ആ വ്യക്തിയുടെ വിശ്വാസത്തെ യേശുക്രിസ്തുവിന്റെ പരിപൂർണതയുള്ള നീതിയും വിശുദ്ധിയുമായി ദൈവം കൈക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്യും. അങ്ങനെ ആ വ്യക്തി ക്രിസ്തുവിന്റെ നീതിയിലും വിശുദ്ധിയിലും ദൈവതിരുമുമ്പിൽ നിലകൊള്ളുകയും ചെയ്യും. എന്നാൽ ശ്രദ്ധേയമായ കാര്യം, ഇതു മാത്രമല്ല ദൈവം ചെയ്യുന്നത് എന്നതാണ്. വിശ്വാസിക്കുവേണ്ടി വിസ്മയകരമായ കാര്യങ്ങൾ ദൈവം ചെയ്യുന്നു — അയാളെ പുതിയ ഒരു വ്യക്തിയാക്കുന്നതിനുവേണ്ട എല്ലാ കാര്യങ്ങളും അവിടുന്ന് ചെയ്യുന്നു.

1. വിശ്വാസിയുടെ ആത്മാവിനെ ദൈവം ഉത്തേജിപ്പിക്കുകയും ചൈതന്യവത്താക്കുകയും ചെയ്യുന്നു.
2. ആത്മീയമായി വീണ്ടും ജനിക്കാൻ ദൈവം വിശ്വാസിയെ പ്രചോദിപ്പിക്കുന്നു.
3. ദൈവം തന്റെ ദൈവീക സ്വഭാവം വിശ്വാസിയുടെ ആത്മാവിൽ നിക്ഷേപിക്കുന്നു.
4. വിശ്വാസിയെ ഒരു പുതിയ വ്യക്തിയായി ദൈവം രൂപാന്തരപ്പെടുത്തുന്നു.
5. ദൈവം വിശ്വാസിയെ പരിശുദ്ധാത്മാവിനാൽ നവീകരിക്കുന്നു. ☐

## IV. യോഹന്നാൻ 02:09–11 യേശുവിന്റെ സൃഷ്ടിപരമായ ശക്തിയുടെ ഫലങ്ങൾ

മൂന്നുവിധത്തിലുള്ള ഫലങ്ങളാണുള്ളത്.

1. മണവാളന്റെ ആവശ്യം നിറവേറ്റപ്പെട്ടു. അവന് ആവശ്യമുണ്ടായിരുന്നത് നല്കി.
2. ക്രിസ്തുവിന്റെ മഹത്വം വെളിപ്പെട്ടു. നവമായ സൃഷ്ടി നടത്താനുള്ള യേശുവിന്റെ ശക്തി പ്രകമാക്കപ്പെട്ടു.
3. ശിഷ്യന്മാരുടെ വിശ്വാസം ശക്തിപ്പെട്ടു.അവർ കൂടുതൽ ശക്തമായി അവനിൽ വിശ്വാസം അർപ്പിച്ചു. താൻ മിശിഹായാണെന്ന് അവിടുന്നതിന് അവിടുന്ന് തെളിവ് നല്കി.

   **യോഹ 3:2** അവൻ രാത്രി യേശുവിന്റെ അടുത്തു വന്നു പറഞ്ഞു: റബ്ബീ, അങ്ങ് ദൈവത്തിൽനിന്നു വന്ന ഒരു ഗുരുവാണെന്നു ഞങ്ങൾ അറിയുന്നു. ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന ഈ അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ല.

   **യോഹ 7:31** ജനക്കൂട്ടത്തിൽ വളരെപ്പേർ അവനിൽ വിശ്വസിച്ചു. അവർ ചോദിച്ചു: ക്രിസ്തു വരുമ്പോൾ ഇവൻ പ്രവർത്തിച്ചതിലേറെ അടയാളങ്ങൾ പ്രവർത്തിക്കുമോ?

**യോഹ 10:25** യേശു പ്രതിവചിച്ചു: ഞാൻ നിങ്ങളോടു പറഞ്ഞു; എന്നിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം നൽകുന്നു.

**യോഹ 10:36** അങ്ങനെയെങ്കിൽ, പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച എന്നെ ഞാൻ ദൈവപുത്രനാണ് എന്നു പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറയുന്നു എന്നു നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?

**യോഹ 10:38** എന്നാൽ, ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവർത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്നു നിങ്ങൾ അറിയുകയും ആ അറിവിൽ നിലനിൽക്കുകയും ചെയ്യും.

**യോഹ 20:30-31** ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത്, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്. ■

## യോഹന്നാൻ 03:05 ജലവും ആത്മാവും

*യേശു പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല.* ***യോഹന്നാൻ 03:05***

ജലത്തിന്റെ ശുദ്ധീകരിക്കാനുള്ള കഴിവ് പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. "ജലത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കുകയില്ല." ഇതിനെ ന്യായീകരിക്കുന്ന ശക്തമായ വാദം അടുത്ത വാക്യത്തിലുണ്ട്. ആത്മീയമായ ജനനം പ്രാപഞ്ചികമായ എല്ലാ പ്രതിഭാസങ്ങളിൽ നിന്നും വേറിട്ടുനില്ക്കുന്ന യഥാർത്ഥ്യമാണ്. ജലം ഉൾപ്പെടെ ഒരു ഭൗതിക വസ്തുവുമായി അതിന് ഒരു ബന്ധവുമില്ല. ഭൗതിക വസ്തുക്കളാലോ മാംസത്താലോ അല്ല ഇത് സംഭവിക്കുന്നത് (റോമ. 8:11). ആത്മാവാലാണ്.

ജലം എന്നതുകൊണ്ട് "ജ്ഞാനസ്നാന"ത്തെയാണോ ഇവിടെ ഉദ്ദേശിക്കുന്നത്? യോഹന്നാൻ തന്റെ സുവിശേഷം എഴുതിയ കാലത്ത്, അദ്ദേഹത്തിനും സുവിശേഷത്തിന്റെ വായനക്കാർക്കും ക്രിസ്തീയ ജ്ഞാനസ്നാനംകൊണ്ട് അർത്ഥമാക്കുന്നതെന്തെന്ന് അറിയാമായിരുന്നു. എന്നാൽ, യേശു നിക്കോദേമോസിനോട് സംസാരിക്കുന്ന സമയത്ത് ക്രിസ്തീയ ജ്ഞാനസ്നാനം എന്നൊരു കൃത്യം ഉണ്ടായിരുന്നില്ല. നിക്കോദേമോസിന് ചിന്താക്കുഴപ്പമുണ്ടാക്കുകയായിരുന്നില്ല യേശു ചെയ്തത്, നേരെമറിച്ച് വീണ്ടും ജനനത്തിലേക്ക് അവനെ നയിക്കുകയായിരുന്നു. ക്രിസ്തീയ ജ്ഞാനസ്നാനം അതുവരെ സ്ഥാപിക്കപ്പെട്ടിരുന്നില്ല എന്നതിനാൽ നിക്കോദേമോസിനെ ജ്ഞാനസ്നാനപ്പെടുത്തിക്കൊണ്ടല്ല അവനെ ഒരു പുതിയ സൃഷ്ടിയായി മാറ്റാമായിരുന്നത്. □